ENTRI

1 Crore User Downloads

# CURRENT AFFAIRS 21 JULY 2025



പ്രൊഫ. ആഷിം കുമാർ ഘോഷ്

- **2025 ജൂലൈയിൽ ഹരിയാനയുടെ പുതിയ ഗവർണർ ആയി നിയമിതനായത്**
  പ്രൊഫ. ആഷിം കുമാർ ഘോഷ്

---



അശ്വിൻ ശേഖർ

- **ഇന്റർനാഷണൽ ആസ്ട്രോണമിക്കൽ യൂണിയന്റെ (IAU) ഉൽക്കാപഠന നേതൃസമിതിയിൽ അംഗമായ ആദ്യ ഇന്ത്യക്കാരൻ**
  അശ്വിൻ ശേഖർ
  - ഉൽക്കാപഠനരംഗത്ത് നൽകിയ സംഭാവനകൾ മുൻനിർത്തി, 2023 ജൂണിൽ ഒരു ഛിന്നഗ്രഹത്തിന് അന്താരാഷ്ട്ര അസ്റ്റോണമിക്കൽ യൂണിയൻ അശ്വിന്റെ പേര് ('(33928) അശ്വിൻശേഖർ') നൽകുകയുണ്ടായി.

---




- **ഇന്ത്യയിലാദ്യമായി ശ്രവണപരിമിതിയുള്ള വിദ്യാർഥികൾക്കായി പ്രത്യേക പാഠപുസ്തകം തയ്യാറാക്കിയ സംസ്ഥാനം**
  കേരളം

---



- **കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം 2020 മുതൽ 2025 വരെ സംരക്ഷിത വനമേഖലകളിൽ നടത്തിയ മാനേജ്മെന്റ് എഫക്ടീവ് ഇവാല്യൂവേഷന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ ഏറ്റവും മികച്ച ദേശീയോദ്യാനമെന്ന നേട്ടം സ്വന്തമാക്കിയ കേരളത്തിലെ ദേശീയോദ്യാനം**
  ഇരവികുളം ദേശീയോദ്യാനം
  - രാജ്യത്തെ 438 സംരക്ഷിത വനമേഖലകളിൽ പല ഘട്ടങ്ങളിലായി വിദഗ്ധസമിതി നടത്തിയ പരിശോധനകളുടെയും വിലയിരുത്തലുകളുടെയും അടിസ്ഥാനത്തിലാണ് 92.97 ശതമാനം സ്കോർ നേടി ഇരവികുളം ദേശീയോദ്യാനം ഒന്നാം സ്ഥാനം കരസ്ഥമാക്കിയത്.

---



- **സ്വകാര്യ ഭൂമിയിൽ വൃക്ഷത്തൈകൾ നട്ടുവളർത്തൽ പ്രോത്സാഹിപ്പിക്കുന്ന കേരള വനം വകുപ്പിന്റെ പദ്ധതി**
  ട്രീ ബാങ്കിങ്
  - സ്വകാര്യ ഭൂമികളിൽ മരങ്ങൾ നടുന്നത് പ്രോത്സാഹിപ്പിച്ച് കാർബൺ ബഹിർഗമനം കുറച്ച് പരിസ്ഥിതി സുസ്ഥിരത പ്രോത്സാഹിപ്പിക്കുകയാണ് ലക്ഷ്യം.